ഉത്തരം

(എ) വിദേശരാജ്യങ്ങളിലെ ജയിലിൽ കഴിയുന്ന കേരളീയരുടെ കണക്കുകൾ ശേഖരിച്ചിട്ടില്ല.

(ബി) വിദേശജയിലുകളിൽ കഴിയുന്ന ഇന്ത്യക്കാരുടെ വിശദാംശങ്ങൾ അതാത് സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരിനോടും ഗൾഫ് രാജ്യങ്ങളിലെ ഇന്ത്യൻ മിഷനുകളോടും അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) മാലി, പാകിസ്ഥാൻ ജയിലുകളിൽ തടവിലുള്ള മലയാളികളുടെ കണക്ക് ലഭ്യമായിട്ടില്ല.

പ്രവാസിക്ഷേമ പദ്ധതികൾ

108 (3076) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ രാജ്യങ്ങളിൽ പ്രവാസിക്ഷേമ പദ്ധതികൾ പ്രചരിപ്പിക്കാനും പദ്ധതിയിൽ കൂടുതൽ പേരെ അംഗങ്ങളാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) വിദേശ രാജ്യങ്ങളിൽ നോർക്കയുടെ ഹെൽപ്പ് ഡസ്കുകൾ എവിടെയെല്ലാം ആരംഭിച്ചിട്ടുണ്ട് ; പുതുതായി എവിടെയെല്ലാം ആരംഭിക്കാനുണ്ട് ; അതുവഴി എന്തെല്ലാം സേവനങ്ങൾ ഇപ്പോൾ നൽകിവരുന്നു; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രവാസികൾക്കുള്ള ഇൻഷുറൻസ് ആനുകൂല്യം അപകട മരണങ്ങൾക്കു പുറമെ സ്വാഭാവിക മരണങ്ങൾക്കുകൂടി ബാധകമാക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ&ബി) നോർക്ക വകുപ്പ് പ്രവാസി സംഗമങ്ങൾ സംഘടിപ്പിക്കുന്നത് പ്രവാസിക്ഷേമപദ്ധതികൾ ഇന്ത്യക്കകത്തും പുറത്തുമുള്ള പ്രവാസികൾക്കിടയിൽ പ്രചരിപ്പിക്കുക എന്ന ലക്ഷ്യംകൂടി മുൻനിർത്തിയാണ്. ഇതിനുപുറമെ അംഗീകൃത പ്രവാസി സംഘടനകൾ മുഖേനയും ക്ഷേമപദ്ധതികൾ പ്രചരിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രവാസി ക്ഷേമനിധിയിൽ കൂടുതൽ അംഗങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly